'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻ.ആർ.എൽ.എം., ഡി.ഡി.യു.-ജി.കെ.വൈ. ബ്ലോക്ക് കോ-ഓർ ഡിനേറ്റർ മാരുടെയും എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെയും വേതനവർദ്ധവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2031/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/09/2019**

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.08.2019 ലെ 1188/M-Skills/2015/KSHO നം. കത്ത്

## ഉത്തരവ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.-ജി.കെ.വൈ.) , ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) , എൻ.ആർ.എൽ.എം. ന്റെ ഉപ പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) എന്നീ പദ്ധതികളിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരായി നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നവർക്ക് യഥാക്രമം 12,000/-(പന്ത്രണ്ടായിരംരൂപ),15,000/-(പതിനഞ്ചായിരംരൂപമാത്രം) 10000,/-(പതിനായിരംരൂപ മാത്രം) എന്നിങ്ങനെയാണ് മാസവേതനം നൽകിവരുന്നത്. ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയും ഒരേ ചുമതലയും ഉള്ള എൻ.ആർ.എൽ.എം, ഡി.ഡി.യു.-ജി.കെ.വൈ. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം ഏകീകരിച്ച് 20,000/-(ഇരുപതിനായിരം) രൂപയായും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ യോഗ്യത ആയുള്ള എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 15,000/-(പതിനഞ്ചായിരം) രൂപയായും വർധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംവിധാനത്തിലെ എല്ലാ പ്രവർത്തനങ്ങളും മികച്ച രീതിയിൽ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും കഴിഞ്ഞ കാലയളവുകളിൽ കോ-ഓർഡിനേറ്റർമാർക്ക്

സാധിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുമായി ഏകോപിപ്പിക്കുന്നതിനും താഴെതട്ടിലെത്തിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്രസ്തുത കോഓർഡിനേറ്റർമാരുടെ മികച്ച സേവനം അനിവാര്യമാണെന്ന് സർക്കാർ കാണുന്നു. ആകയാൽ ഇവർക്ക് മെച്ചപ്പെട്ട വേതന നിരക്ക് നൽകണമെന്ന ആവശ്യം ന്യായമാണ്. മാത്രവുമല്ല ഈ വർദ്ധനവ് വഴി വേണ്ടി വരുന്ന തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയേക്കാൾ കുറവും വാർഷിക പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ളതുമാകയാൽ ഇത് വഴി കുടുംബശ്രീക്ക് അധികബാധ്യത ഉണ്ടാവുകയില്ലെന്നും സർക്കാർ കാണുകയുണ്ടായി.

മേൽസാഹചര്യത്തിൽ കുടുംബശ്രീയിൽ ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയും ഒരേ ചുമതലയും ഉള്ള എൻ.ആർ.എൽ.എം, ഡി.ഡി.യു.-ജി.കെ.വൈ. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം ഏകീകരിച്ച് 20,000/-(ഇരുപതിനായിരം) രൂപയായും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ യോഗ്യത ആയുള്ള എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 15,000/- ( പതിനഞ്ചായിരം) രൂപയായും വർധിപ്പിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

വേതന വർദ്ധനവിന് 01.10.2019 മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
**അണ്ടർ സെക്രട്ടറി**

പകർപ്പ്:

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി.(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (w.r.t. file no.Dev-1/232/2017-Fin dtd 12-02-2019)

ഐ&പിആർഡി-വെബ്&ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.09.20 16:41:58 IST
Reason: Approved
സെക്ഷൻ ഓഫീസർ